## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 64** **02.12.2015 -ൽ മറുപടിയ്ക്ക്**

### വിദേശ ജോലിക്കായുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ.എം.ഹംസ<br>ശ്രീ. കെ. ദാസൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) എമിഗ്രേഷൻ നിയമപരിഷ്കാരാനുസൃതം വിദേശ ജോലിക്കായുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് സർക്കാർ സ്ഥാപനമായ ഒഡെപെക് ഉൾപ്പെടെ മൂന്ന് ഏജൻസികൾക്കായി പരിമിതപ്പെടുത്തിയതിനാൽ റിക്രൂട്ട്മെന്റ് സംവിധാനം വിപുലീകരിക്കുന്നതിന് ഒഡെപെക് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് സംവിധാനം വിപുലീകരിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 3.5 കോടി രൂപ ഒഡെപെക്കിന് അനുവദിച്ചിട്ടുണ്ട്. മെട്രോപോളിറ്റൻ നഗരങ്ങളിൽ ഒഡെപെക്കിന്റെ ഓഫീസ് ആരംഭിക്കുവാനും സർക്കാർ ഏജൻസികൾ വഴി മാത്രം നഴ്സുമാരുടെ റിക്രൂട്ട്മെന്റ് നടത്തുവാൻ എംബസികൾക്ക് നിർദ്ദേശം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഒഡെപെക്കിനെ ഇതിനകം അൻപതോളം വിദേശ സ്ഥാപനങ്ങൾ നേഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് താൽപര്യം കാണിച്ച് ബന്ധപ്പെട്ടിട്ടുണ്ട്. 22 സ്ഥാപനങ്ങളിലായി 269 നേഴ്സുമാരെ പുതിയ സംവിധാനം വന്നശേഷം റിക്രൂട്ട് ചെയ്ത് അയച്ചിട്ടുണ്ട്. കൂടാതെ 1200 ഓളം ഒഴിവുകൾ ഒഡെപെക്കിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിലേക്കുള്ള നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആസ്ഥാന ഓഫീസിന്റെ വിപുലീകരണത്തിനായി തിരുവനന്തപുരത്തെ വഴുതയ്ക്കാട് കാർമൽ ടവേഴ്സിൽ ഉദ്ദേശം 4000 സ്ക്വയർ ഫീറ്റിൽ ആധുനിക സംവിധാനത്തോടെ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഡൽഹിയിൽ ലെയ്സൻ ഓഫീസ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സൗദി അറേബ്യ, ഒമാൻ, യു.എ.ഇ., ഖത്തർ മുതലായ രാജ്യങ്ങളിലെ ആരോഗ്യവകുപ്പിന്റെ നിയമനങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. |

| | |
|---|---|
| (ബി) പുതിയ നിയമനം നിലവിൽ വന്ന ശേഷം ഒഡെപെക്ക് വഴി എത്ര പേർക്ക് റിക്രൂട്ട് മെന്റ് ലഭിച്ചെന്ന് അറിയിക്കാമോ; | (ബി) 269 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. |
| (സി) എമിഗ്രേഷൻ നിയമഭേദഗതി പ്രാബല്യത്തിലാകുന്നതിനു മുൻപ് വിദേശ ജോലിക്കായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന നേഴ്സുമാരുടെ എമിഗ്രേഷൻ ക്ലിയറൻസിനായി ചെയ്ത കാര്യങ്ങൾ അറിയിക്കുമോ; അതിന്റെ ഫലപ്രാപ്തി വിശദമാക്കുമോ? | (സി) എമിഗ്രേഷൻ നിയമഭേദഗതി പ്രാബല്യത്തിലാകുന്നതിനുമുമ്പ് വിദേശത്ത് ജോലി ലഭിച്ച് പോകുന്ന നേഴ്സുമാർക്ക് എമിഗ്രേഷൻ ക്ലിയറൻസിന്റെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ